**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 90** | **31-01-2024 - ൽ മറുപടിയ്ക്ക്**

**പുനർഗേഹം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ഡോ. സുജിത് വിജയൻപിള്ള,<br>ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് വാസയോഗ്യമായ ഭവനങ്ങൾ ഉറപ്പാക്കുന്നതിന് ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള എന്തെല്ലാം പദ്ധതികളാണ്; വ്യക്തമാക്കുമോ; | (എ) | ഫിഷറീസ് വകുപ്പ് മുഖേന സംസ്ഥാനത്ത് മത്സ്യത്തൊഴിലാളികൾക്ക് വാസയോഗ്യമായ ഭവനങ്ങൾ ഉറപ്പാക്കുന്നതിന് മുൻ കാലങ്ങളിൽ ഭവന പദ്ധതികൾ നടപ്പിലാക്കിയിരുന്നു. നിലവിൽ മത്സ്യ ത്തൊഴിലാളികൾ ഉൾപ്പെടെ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്ന പുനർഗേഹം പദ്ധതി മാത്രമാണ് ഫിഷറീസ് വകുപ്പ് വഴി നടപ്പിലാക്കുന്നത്.<br><br>കൂടാതെ സംസ്ഥാനത്തെ ഫിഷർമെൻ കോളനികളിലെ വാസയോഗ്യമല്ലാത്ത ഭവനങ്ങൾ പുനർനിർമ്മിക്കുന്നതിനായുള്ള പദ്ധതിക്ക് അംഗീകാരം നൽകിയിട്ടുണ്ട്. മറ്റ് ഭവന പദ്ധതികളൊന്നും നിലവിൽ ഫിഷറീസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നില്ല. ലൈഫ് മിഷൻ പദ്ധതി മുഖേനയാണ് മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണ ധനസഹായം നിലവിൽ നൽകിവരുന്നത്. |
| (ബി) | പുനർഗേഹം പദ്ധതിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (ബി) | ഫിഷറീസ് വകുപ്പ് 2018-ൽ നടത്തിയ സർവ്വേ പ്രകാരം 18685 കുടുംബങ്ങൾ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നുണ്ടെങ്കിലും, 8845 കുടുംബങ്ങളാണ് നിലവിൽ പുനർഗേഹം പദ്ധതി പ്രകാരം മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇത്തരത്തിൽ മാറിതാമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്.<br><br>പദ്ധതി പ്രകാരം മാറിതാമസിക്കുവാൻ സന്നദ്ധരായ 8845 കുടുംബങ്ങളെയാണ് ആദ്യഘട്ടമായി പരിഗണിക്കുന്നത്. ഇതിൽ 4325 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ |

അംഗീകാരം നേടുകയും ആയതിൽ 3555 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2211 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ച് പുതിയ വ്യക്തിഗത ഭവനങ്ങളിലേയ്ക്കും 390 കുടുംബങ്ങളെ ഫ്ലാറ്റുകളിലേക്കും പുനരധിവസിപ്പിച്ചു കഴിഞ്ഞു.

പുനർഗേഹം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ കാരോട് 128 ഉം, ബീമാപള്ളിയിൽ 20 ഉം, മലപ്പുറം ജില്ലയിൽ പൊന്നാനിയിൽ 128 ഉം കൊല്ലം ജില്ലയിൽ ക്യു.എസ്.എസ്. കോളനിയിൽ 114 ഉം ഫ്ലാറ്റുകൾ ഉൾപ്പെടെ 390 ഫ്ലാറ്റുകൾ ഇതിനകം ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.

പുനർഗേഹം പദ്ധതി ഗുണഭോക്താക്കൾക്കായി ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് ഭൂമി കണ്ടെത്തി ഏറ്റെടുക്കുകയും ടി ഭൂമിയിൽ 204 ഫ്ലാറ്റുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലെത്തുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ (400), മലപ്പുറം ജില്ലയിലെ നിറമരുതൂർ (16), പൊന്നാനി (100), കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിൽ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 944 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), വലിയതുറ (24), കാരോട് (24) എന്നിവിടങ്ങളിലായി 144 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്. വിവിധ ജില്ലകളിലായി പദ്ധതി പ്രകാരം പുനരധിവസിപ്പിക്കേണ്ട ഗുണഭോക്താക്കൾക്കായി ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ട്. കടകംപള്ളിയിൽ 168 ഫ്ലാറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയിട്ടുണ്ട്. സമീപ ഭാവിയിൽ നിർമ്മാണം ആരംഭിക്കുന്നതുമാണ്.

ജില്ലാതല സമിതിയുടെ അംഗീകാരം ലഭിച്ച 4325 പേരിൽ 3555 പേർ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമി രജിസ്ട്രേഷൻ പൂർത്തിയാക്കിയ 3555 പേരിൽ 2211 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുള്ളവർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.

ആകെ മാറിതാമസിക്കുന്നതിനു സന്നദ്ധരായ 8845 പേരിൽ 5132 പേർ വ്യക്തിഗത ഭവനങ്ങളിലും ഫ്ലാറ്റുകളിലും ആയി ഇതിനോടകം പുനരധിവാസം ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന 3713 പേരെ കൂടി വരും വർഷങ്ങളിൽ പുനരധിവസിപ്പിക്കേണ്ടതുണ്ട്.

| | | | |
|---|---|---|---|
| | | | ഈ പ്രവൃത്തികൾ പുനർഗേഹം പദ്ധതിയുടെ നിലവിൽ നിശ്ചയിച്ചിട്ടുള്ള കാലാവധിയായ 31.03.2025 നകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത് . |
| (സി) | പദ്ധതിയുടെ ഭാഗമായി ഇനിയും പൂർത്തീകരിക്കാനുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്നും അവ എന്നത്തേക്ക് പൂർത്തിയാക്കി ഗുണഭോക്താകൾക്ക് കൈമാറുവാൻ കഴിയുമെന്നും വിശദമാക്കുമോ? | (സി) | ഫിഷറീസ് വകുപ്പ് 2018-ൽ നടത്തിയ സർവ്വേ പ്രകാരം 18685 കുടുംബങ്ങൾ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്റർ പരിധിക്കുള്ളിൽ അധിവസിക്കുന്നുണ്ടെങ്കിലും, 8845 കുടുംബങ്ങളാണ് നിലവിൽ പുനർഗേഹം പദ്ധതി പ്രകാരം മാറിത്താമസിക്കുവാൻ സന്നദ്ധരായിട്ടുള്ളത്. ഇത്തരത്തിൽ മാറിതാമസിക്കുന്ന ഒരു ഗുണഭോക്താവിന് പരമാവധി ധനസഹായം 10 ലക്ഷം രൂപയാണ്.<br><br>പദ്ധതി പ്രകാരം മാറിതാമസിക്കുവാൻ സന്നദ്ധരായ 8845 കുടുംബങ്ങളെയാണ് ആദ്യഘട്ടമായി പരിഗണിക്കുന്നത്. ഇതിൽ 4325 കുടുംബങ്ങൾ ഭൂമി കണ്ടെത്തി ജില്ലാതല കമ്മിറ്റിയുടെ അംഗീകാരം നേടുകയും ആയതിൽ 3555 ഗുണഭോക്താക്കൾ കണ്ടെത്തിയ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിക്കുകയും 2211 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ച് പുതിയ വ്യക്തിഗത ഭവനങ്ങളിലേയ്ക്കും 390 കുടുംബങ്ങളെ ഫ്ലാറ്റുകളിലേക്കും പുനരധിവസിപ്പിച്ചു കഴിഞ്ഞു.<br><br>പുനർഗേഹം പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിൽ കാരോട് 128 ഉം, ബീമാപള്ളിയിൽ 20 ഉം, മലപ്പുറം ജില്ലയിൽ പൊന്നാനിയിൽ 128 ഉം കൊല്ലം ജില്ലയിൽ ക്യു.എസ്.എസ്. കോളനിയിൽ 114 ഉം ഫ്ലാറ്റുകൾ ഉൾപ്പെടെ 390 ഫ്ലാറ്റുകൾ ഇതിനകം ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.<br><br>പുനർഗേഹം പദ്ധതി ഗുണഭോക്താക്കൾക്കായി ഫ്ലാറ്റുകൾ നിർമ്മിക്കുന്നതിനായി ആലപ്പുഴ ജില്ലയിലെ മണ്ണുംപുറത്ത് ഭൂമി കണ്ടെത്തി ഏറ്റെടുക്കുകയും ടി ഭൂമിയിൽ 204 ഫ്ലാറ്റുകളുടെ നിർമ്മാണം അന്തിമ ഘട്ടത്തിലെത്തുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറ (400), മലപ്പുറം ജില്ലയിലെ നിറമരുതൂർ (16), പൊന്നാനി (100), കോഴിക്കോട് ജില്ലയിൽ വെസ്റ്റ്ഹിൽ (80), കാസർഗോഡ് ജില്ലയിൽ കോയിപ്പാടി (144) എന്നിവിടങ്ങളിലായി 944 ഫ്ലാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറ (96), വലിയതുറ (24), കാരോട് (24) എന്നിവിടങ്ങളിലായി 144 ഫ്ലാറ്റുകളുടെ പ്രൊപ്പോസലുകൾ സർക്കാർ പരിഗണനയിലാണ്. വിവിധ ജില്ലകളിലായി പദ്ധതി പ്രകാരം പുനരധിവസിപ്പിക്കേണ്ട |

| | | | |
|---|---|---|---|
| | | | ഗുണഭോക്താക്കൾക്കായി ഭവനസമുച്ചയങ്ങൾ നിർമ്മിക്കുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ട്. കടകംപള്ളിയിൽ 168 ഫ്ലാറ്റുകളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഭരണാനുമതി നൽകിയിട്ടുണ്ട്. സമീപ ഭാവിയിൽ നിർമ്മാണം ആരംഭിക്കുന്നതുമാണ്.<br><br>ജില്ലാതല സമിതിയുടെ അംഗീകാരം ലഭിച്ച 4325 പേരിൽ 3555 പേർ ഭൂമിയുടെ രജിസ്ട്രേഷൻ പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമി രജിസ്ട്രേഷൻ പൂർത്തിയാക്കിയ 3555 പേരിൽ 2211 കുടുംബങ്ങൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുള്ളവർ ഭവന നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലുമാണ്.<br><br>ആകെ മാറിതാമസിക്കുന്നതിനു സന്നദ്ധരായ 8845 പേരിൽ 5132 പേർ വ്യക്തിഗത ഭവനങ്ങളിലും ഫ്ലാറ്റുകളിലും ആയി ഇതിനോടകം പുനരധിവാസം ഉറപ്പാക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. ശേഷിക്കുന്ന 3713 പേരെ കൂടി വരും വർഷങ്ങളിൽ പുനരധിവസിപ്പിക്കേണ്ടതുണ്ട്.<br><br>ഈ പ്രവൃത്തികൾ പുനർഗേഹം പദ്ധതിയുടെ നിലവിൽ നിശ്ചയിച്ചിട്ടുള്ള കാലാവധിയായ 31.03.2025 നകം പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത് . |

സെക്ഷൻ ഓഫീസർ